**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : **2054**

**11.02.2020 ൽ**

**മറുപടിയ്ക്ക്**

## ആലത്തൂർ കോർട്ട് കോംപ്ലക്സ് അനുവദിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ഡി. പ്രസേനൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ആലത്തൂർ താലൂക്ക് ആസ്ഥാനത്തുള്ള മജിസ്ട്രേറ്റ് മുൻസിഫ് കോടതി കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പുതിയ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ എന്നറിയിക്കാമോ;<br><br>(സി) ഇല്ലെങ്കിൽ ആലത്തൂർ കോർട്ട് കോംപ്ലക്സ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (എ) യും (ബി) യും (സി) യും ശോച്യാവസ്ഥയിലുള്ള കെട്ടിടങ്ങൾക്ക് പകരം കോടതി സമുച്ചയത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മുൻസിഫ് കോർട്ട് ഉൾപ്പെടുന്ന പഴയ കെട്ടിടം പുതുക്കി സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറിൽ നിന്ന് ലഭ്യമാക്കി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാർ പാലക്കാട് ജില്ലാ ജഡ്ജിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ